# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2295      19.06.2013-ലെ മറുപടിക്ക്

## ജില്ലാ ആശുപത്രികളോടനുബന്ധിച്ച് മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ ആശുപത്രികളോടനുബന്ധിച്ച് മെഡിക്കൽ കോളേജുകൾ ആരംഭിക്കാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ ; | (എ) തിരുവനന്തപുരത്ത് ജനറൽ ആശുപത്രിയെയും തൈക്കാട് മാതൃ ശിശു ആശുപത്രിയെയും സംയോജിപ്പിച്ചുകൊണ്ട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മഞ്ചേരി ജനറൽ ആശുപത്രിയെയും ഇടുക്കി ജില്ലാ ആശുപത്രിയേയും മെഡിക്കൽ കോളേജ് ആക്കി ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മറ്റ് ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജ് ആക്കാനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. |
| (ബി) ഇതിനെതിരെ ചില ഭാഗങ്ങളിൽ നിന്നുയരുന്ന എതിർപ്പുകളും പ്രതിഷേധങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) എങ്കിൽ ആയതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ; | (ബി)& (സി) ഉണ്ട്.<br>ഇത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള എല്ലാ ആശങ്കകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഈ പദ്ധതി നടപ്പാക്കുന്നതുമൂലം ജില്ലാ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾക്ക് എന്തെങ്കിലും ന്യൂനത ഉണ്ടാകുവാൻ ഇടയുണ്ടോ ; വിശദമാക്കുമോ ? | (ഡി) ജില്ലാ, ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകളാക്കി ഉയർത്തുമ്പോൾ പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകാൻ സാദ്ധ്യതയില്ല. മറിച്ച് മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ